പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3449

08.11.2019-ൽ മറുപടിക്ക്

**കോതമംഗലം മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ നിന്ന് ഭരണാനുമതി ലഭിച്ച പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽപ്പെടുത്തി എൽ.എസ്.ജി.ഡി. (എഫ്.എം) വകുപ്പിൽ നിന്നും 1629/17 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച തെക്കുമ്മേൽ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റിൽ ചെറിയ മാറ്റംവരുത്തി പുതുക്കിയ ഭരണാനുമതിക്കുവേണ്ടി നല്കിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇതു സംബന്ധിച്ച് പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ നല്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുള്ളത് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br><br>സി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് പുതുക്കിയ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) & സി) ഇതു സംബന്ധിച്ച് പുതുക്കിയ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കി, പ്രാരംഭ എസ്റ്റിമേറ്റിൽ നിന്നും ഏതെല്ലാം ഐറ്റങ്ങൾ ഒഴിവാക്കിയെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കി അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ 25/09/2019 ലെ 155/എഫ്.എം.3/2019/തസ്വഭവ നമ്പർ കത്ത് പ്രകാരം കീരംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ